FOR PRIVATE CIRCULATION ONLY

അക്ഷരം ആത്മരക്ഷയ്ക്ക്

# ദി സോൾ വിന്നർ

THE SOUL WINNER • • • FULLFILLING THE GREAT COMMISSION

VOLUME 10 • ISSUE 6 FEBRURY 2024

## സോൾ വിന്നേഴ്സ് ഇന്ത്യ
# സ്റ്റേറ്റ് കൺവൻഷന് അനുഗ്രഹ സമാപ്തി

**തിരുവനന്തപുരം/നാറാണി:** സോൾ വിന്നേഴ്സ് ഇന്ത്യ ഫൗണ്ടേഷൻ ചർച്ച് ഓഫ് ഗോഡിന്റെ കേരളാ സ്റ്റേറ്റ് കൺവൻഷന് അനുഗ്രഹ സമാപ്തി. 2024 ജനുവരി 12, 13, 14 തീയ്യതികളിൽ തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻക്കരക്കടുത്ത് നാറാണിയിൽ വച്ചായിരുന്നു യോഗങ്ങൾ നടന്നത്.






12 ന് വൈകുന്നേരം 6 മണിക്ക് ഗാനശുശ്രൂഷയോടെ യോഗങ്ങൾക്ക് തുടക്കമായി. തിരുവനന്തപുരം ഡിസ്ട്രിക്ക് പാസ്റ്ററിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന പ്രഥമയോഗത്തിൽ സ്റ്റേറ്റ് കോർഡിനേറ്റർ പാസ്റ്റർ പീരുമേട് ക്ലീറ്റസ് പ്രാർത്ഥിച്ച് ഉത്ഘാടനം ചെയ്തു. തുടർന്ന് മാവേലിക്കര കേന്ദ്രമാക്കി പ്രവർത്തിക്കുന്ന പെന്തക്കോസ്തു ദൈവസഭകളുടെ ജനറൽ സെക്രട്ടറി കൂടിയായ പാസ്റ്റർ ഷാജി ശമുവേൽ ദൈവ വചനത്തിൽ നിന്നും സംസാരിച്ചു. 13 – ന് രാവിലെ 10 -ന് പുത്രിക സംഘടനയായ സൺഡേ സ്കൂൾ, യുവജനം സഹോദരി സമാജങ്ങളുടെ സംയുക്ത വാർഷികവും സമ്മാനദാനങ്ങളും നടന്നു. പാസ്റ്റർ സാജൻ അദ്ധ്യക്ഷത വഹിച്ചു. സ്റ്റേറ്റ് കോർഡിനേറ്റർ പാസ്റ്റർ പീരുമേട് ക്ലീറ്റസ് സന്ദേശം നൽകി. ദേശീയ അദ്ധ്യക്ഷൻ ഡോ. പാസ്റ്റർ സന്തോഷ് ഈശോ സാമൂഹിക പ്രവർത്തനങ്ങളുടെയും, സുവിശേഷികരണത്തിന്റെയും ഉത്ഘാടനം നിർവഹിച്ചു. അന്നേ ദിവസം വൈകിട്ട് തിരുവനന്തപുരം ഡിസ്ട്രിക്ക് സെക്രട്ടറി പാസ്റ്റർ അനീഷിന്റെ അദ്ധ്യക്ഷതയിൽ രണ്ടാം ദിവസത്തെ സുവിശേഷ യോഗം നടന്നു. സോൾവിന്നേഴ്സ് ഇന്ത്യ ഫൗണ്ടേഷൻ ചർച്ച് ഓഫ് ഗോഡിന്റെ ഡയറക്ടറും ദേശീയ അദ്ധ്യക്ഷനുമായ ഡോ പാസ്റ്റർ സന്തോഷ് ഈശോ ദൈവവചനത്തിൽ നിന്നും സംസാരിച്ചു. 14 ന് സംയുക്ത സഭായോഗവും നടന്നു. പാസ്റ്റർ അനിൽ അദ്ധ്യക്ഷത വഹിച്ചു. സ്റ്റേറ്റ് കോർഡിനേറ്റർ പാസ്റ്റർ പീരുമേട് ക്ലീറ്റസ് തിരുവത്താഴ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. സഭായോഗത്തോട് അനുബന്ധിച്ച് പാസ്റ്റേഴ്സ്, ഇവാഞ്ചലിസ്റ്റ് ഓർഡിനേഷൻ നടന്നു. ശുശ്രൂഷകൾക്ക് ദേശീയ അദ്ധ്യക്ഷൻ നേതൃത്വം നൽകി. സമാപന സന്ദേശം ഡോ പാസ്റ്റർ സന്തോഷ് ഈശോ നൽകി. വൈ ജി എം മിനിസ്ട്രീസ് ഗാനശുശ്രൂഷകൾക്ക് നേതൃത്വം നൽകി. തിരുവനന്തപുരം, ആലപ്പുഴ, പത്തനംതിട്ട, ഇടുക്കി ജില്ലകളിൽ നിന്നായി പാസ്റ്റേഴ്സും, കുടുംബങ്ങളും, വിശ്വാസികളും യോഗങ്ങളിൽ പങ്കെടുത്തു.

## യേശു സമാധനത്തിന്റെ രാജാവ്: മുഖ്യമന്ത്രി

**കുമ്പനാട്:** ഏതൊരു പ്രസ്ഥാനത്തെ സംബന്ധിച്ചിടത്തോളം നൂറ് വർഷം പിന്നിടുക എന്നത് അതിപ്രധാന നാഴിക കല്ലാണ്. കഴിഞ്ഞ കാലത്തിലേക്ക് തിരിഞ്ഞ് നോക്കാൻ ഇത് ഒരു അവസരമാണ്. ഭൂതകാല അനുഭവങ്ങളിൽ നിന്നും ഭാവിക്ക് വേണ്ടിയുള്ള പദ്ധതികൾ ആസൂത്രണം ചെയ്യാനുള്ള അവസരവുമാണിത്. ഇത് നടപ്പിലാക്കാൻ ശതാപ്തി നിറവിലുള്ള ഐപിസിക്ക് കഴിയട്ടെയെന്ന് ആശംസിക്കുന്നു. നിന്നെ പോലെ തന്നെ നിന്റെ അയൽക്കാരനെയും സ്നേഹിക്കണം എന്നതാണ് യേശു വിഭാവനം ചെയ്തത്. വർത്തമാനകാലത്തിലെ ജാതിയുടെയും മതത്തിന്റെയും പേരിൽ നടക്കുന്ന ആക്രമണങ്ങളിൽ ശാരീരികമായും മാനസീകമായും മുറിവേറ്റവരുടെ മുറിവുണക്കാൻ ക്രിസ്തുദേവന്റെ വചനങ്ങൾ



പ്രചോദനമാകട്ടെ. കാരണം യേശു സമാധാനത്തിന്റെ രാജാവാണ്. ഐപിസി ശതാപ്തി കൺവൻഷനോടനുബന്ധിച്ച് സഭ പ്രഖ്യാപിച്ച വിവിധ സാമൂഹ്യ സേവന പദ്ധതികളുടെ ഉത്ഘാടനം നിരവഹിച്ച് കണവൻഷന്റ അഞ്ചാം ദിവസത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

## യേശു ശുശ്രുഷിക്കാൻ വന്നവൻ: വി. ടി. സതീശൻ

**കുമ്പനാട്:** യേശു മറ്റുള്ളവരാൽ ശുശ്രൂഷിക്കപ്പെടാൻ അല്ല ഭൂമിയിലേക്ക് വന്നത്, ശുശ്രൂഷിക്കാനാണ് വന്നതെന്നും അതുവഴി തന്റെ ജീവനെ മറുവിലയായി കൊടുക്കുവാനുമാണ് വന്നതെന്ന് പ്രതിപക്ഷ നേതാവ് ശ്രീ വി ടി സതീശൻ. മറ്റുള്ളവരെ സ്നേഹിക്കുക, ശുശ്രൂഷിക്കുക, ചേർത്ത് പിടിക്കുക എന്നുള്ളതായിരുന്നു യേശു നിർവഹിച്ച ദൗത്യം. ജയിലിൽ വച്ച് മരണമടഞ്ഞ ഫാദർ സ്റ്റാൻസ്വാമിയുടെ പക്കൽ നിന്നും ലഭിച്ച കുറിപ്പിൽ അദ്ദേഹം രേഖപ്പെടുത്തിയ വാക്കുകൾ ഇങ്ങനെയായിരുന്നു. ദരിദ്രരോട് സുവിശേഷം പറയാൻ എന്നെ അഭിഷേകം ചെയ്തിരിക്കകൊണ്ട് അവന്റെ ആത്മാവ് എന്റെ മേൽ ഉണ്ട്. പാർക്കിൻസ് രോഗബാധിതനായിരുന്ന സ്വാമിക്ക് വെള്ളം കുടിക്കാൻ ഒരു സ്ട്രോ പോലും അധികൃതർ നൽകാതിരുന്നപ്പോൾ, വി



റയ്ക്കുന്ന കൈകൾ കൊണ്ട് അദ്ദേഹം എഴുതിയ വാക്കുകളാണിത്. ഇന്ത്യാ പെന്തക്കോസ്തു ദൈവസഭയുടെ ശതാപ്തി കൺവൻഷനനിൽ ആശംസാപ്രസംഗം നടത്തുകയായിരുന്നു അദ്ദേഹം.

## നന്മ നേർന്ന് ഗവർണ്ണർ പി സ് ശ്രീധരൻപിള്ള



**കുമ്പനാട്:** ശാതാപ്തി കൺവൻഷൻ ആഘോഷിക്കുന്ന ഐ പി സി സഭയ്ക്ക് നന്മയും പ്രാർത്ഥനയും നേർന്ന് ഗോവ ഗവർണ്ണർ ശ്രീ ശ്രീധരൻ പിള്ള. സഭയുമായിട്ട് എനിക്ക് ദീർഘ വർഷത്തെ ബന്ധം ഉണ്ട്. ഞാൻ പല അവസരത്തിലും ഈ ക്യാമ്പസ്സിൽ വന്ന് ഭക്ഷണം കഴിച്ചിട്ടുണ്ട്. കഴിഞ്ഞ 15 വർഷമായ് കോൺഫ്രൻസ് വിസയിൽ വിദേശികൾക്ക് രാജ്യത്ത് വരാൻ അനുവാദം ലഭിച്ചിട്ടില്ല. എന്നാൽ ശതാപ്തി കൺവൻഷനിൽ മൂന്ന് മിഷ്ണറിമാർക്ക് കോൺഫ്രാൻസ് വിസയിൽ പങ്കെടുക്കാൻ കേന്ദ്ര ഗവൺമെന്റ് അനുവാദം തൽകി. ശതാപ്തി കൺവൻഷനിൽ പങ്കെടുക്കാൻ പ്രധാന മന്ത്രിയെ ക്ഷണിച്ചു എങ്കിലും ഇന്റലിജൻസ് റിപ്പോർട്ട് അനുകൂലമല്ലാത്തതിനാൽ ആണ് കഴിയാതെ പോയത്. കൺവൻഷനിൽ സമാപന രാത്രിയിൽ ആശംസ അറിയിച്ച് സംസാരിക്കുകയായിരുന്നു.

## മറിയാമ്മ തമ്പി കർത്ത്യസന്നിധിയിൽ ചേർക്കപ്പെട്ടു

**കോട്ടയം:** ന്യൂ ഇന്ത്യ ചർച്ച് ഓഫ് ഗോഡ് സ്ഥാപക പ്രസിഡന്റായിരുന്ന പാസ്റ്റർ പരേതനായ വി എ തമ്പി സാറിന്റെ സഹധർമ്മിണിയി മറിയാമ്മ തമ്പി നിത്യതയിലേക്ക് ചേർക്കപ്പെട്ടു. ചികിത്സയിലായിരിക്കെ മുബൈയിൽ വച്ചായിരുന്നു അന്ത്യം. നാഗർകോവിൽ പള്ളിക്കപ്പറമ്പിൽ രഞ്ജിത് സിംഗിന്റെ മകളായി ജനിച്ച മറിയാമ്മ 1970 -ൽ പാസ്റ്റർ വി.എ. തമ്പിയുമായുള്ള വിശുദ്ധ വിവാഹ ബന്ധത്തിൽ പ്രവേശിക്കുമ്പോൾ തലചായിക്കുവാൻ ഒരു കൂരപോലും ഉണ്ടായിരുന്നില്ല. പ്രതിസന്ധിയും, ഉപദ്രവങ്ങളും ഏറിയപ്പോഴും സുവിശേഷത്തിന്റെ ദീപശിഖ ത്യാഗമനോഭാവത്തോടെ ഈ സുവിശേഷ കുടുംബം ഏന്തി. ഈ അനുഗ്രഹീത ദമ്പതികൾക്ക് ദൈവം ദാനമായി നൽകിയ മക്കളെല്ലാവരും, വിവിധ നിലകളിൽ കർതൃ ശുശ്രൂഷയിൽ സജീവ പങ്കാളികളാണ്. പവർ വിഷൻ ടിവിയിൽ സംപ്രേക്ഷണം ചെയ്ത് വന്നിരുന്ന മനസ്സ് തുറക്കുമ്പോൾ എന്ന അഭിമുഖ



പരിപാടിയിലെ അവതാരകയും, പവർ വിഷൻ ടെലിവിഷൻ മാനേജിംഗ് ഡയറക്ടർ റവ. ഡോ. ആർ ഏബ്രഹാമിന്റെ സഹോദരി കൂടി ആയിരുന്നു പരേത. പെന്തക്കോസ്തു സഭാ ചരിത്രത്തിൽ സഭാ അദ്ധ്യക്ഷൻ മാരുടെ ഭാര്യമാർക്കിടയിലും, സ്ത്രീ സമൂഹത്തിന്റെ പ്രതിനിധി എന്ന നിലയിലും പേര് അടയാളപ്പെടുത്തിയ ഒരു വ്യക്തിത്വം കൂടിയായിരുന്നു. ജനുവരി 22 ന് വൻജനാവലിയുടെ സാനിദ്ധ്യത്തിൽ സംസ്ക്കാരം നടന്നു.

# ???
# DOUBTING THOMAS

A WORD FROM
THE PRESIDENT



BRO. DANIEL EASO

*On the evening of that first day of the week, when the disciples were together, with the doors locked for fear of the Jewish leaders, Jesus came and stood among them and said, "Peace be with you!" After he said this, he showed them his hands and side. The disciples were overjoyed when they saw the Lord. Again, Jesus said, "Peace be with you! As the Father has sent me, I am sending you." And with that, he breathed on them and said, "Receive the Holy Spirit. If you forgive anyone's sins, their sins are forgiven; if you do not forgive them, they are not forgiven." Now Thomas (also known as Didymus), one of the Twelve, was not with the disciples when Jesus came. So, the other disciples told him, "We have seen the Lord!" But he said to them, "Unless I see the nail marks in his hands and put my finger where the nails were, and put my hand into his side, I will not believe." A week later his disciples were in the house again, and Thomas was with them. Though the doors were locked, Jesus came and stood among them and said, "Peace be with you!" Then he said to Thomas, "Put your finger here; see my hands. Reach out your hand and put it into my side. Stop doubting and believe." Thomas said to him, "My Lord and my God!" Then Jesus told him, "Because you have seen me, you have believed; blessed are those who have not seen and yet have believed." Jesus performed many other signs in the presence of his disciples, which are not recorded in this book. But these are written that you may believe that Jesus is the Messiah, the Son of God and that by believing you may have life in his name. (John 20: 19-31).*

Here in this text, we find the account of Jesus appearing to His disciples, and the disciple named Thomas not believing what others saw. And because of his doubt, he gets the very famous title of doubting Thomas. It's not fair to single out Thomas because in Luke 24:10-12 we see that the other ten disciples also didn't believe when they heard this news of Jesus' resurrection from Mary Magdalene and other women. All of them doubted to a degree, not one of them believed the verbal testimony of the women who'd just seen the tomb. Scripture says it sounded like nonsense to them. These are the same guys who sat around the table with Jesus not a few days before, these are the same guys who had heard about Jesus talk about His death and resurrection again and again. These are the same guys who had been with Jesus from the beginning of His earthly ministry. And they didn't believe the news? I gather that if the disciples themselves struggle with doubt, then you and I are bound to deal with doubt, especially, since it's been over nineteen hundred years since Jesus had physically walked on earth. I firmly believe that Jesus lives today and for those who've accepted Him has a place in our hearts but that doesn't mean we don't have doubts. Every one of us has doubts. First, we must be willing to be honest about where we at in our faith, where we struggle, and where we wrestle with God. Unfortunately, instead of having honest discussions about doubt in our church groups, the belief has been that doubt may be a sign of weakness. To admit that we doubt in some areas of our faith might show the larger world that the church isn't as strong as it seems. The belief is that if we doubt anything about God, the Bible, or the church then we might not be very strong at all. But here is the truth, we all doubt at some point. We doubt the big things about God, we doubt the little things about God, we doubt things about the church, we doubt things about our faith, and we all doubt at some point. We see world events and we doubt His goodness. We see natural disasters and we doubt that He cares. We see COVID-19 and the number of lives we've lost, and we doubt if He cares. We see earthquakes, hurricanes, volcanoes, tornados, and awful things- lives ripped apart and we doubt if He cares. Then we look at our current political landscape and we wonder if there is a God at all. Maybe you've been praying about something- maybe it's a job, maybe it's a relationship, maybe it's a person in your family, maybe it's a big purchase you have, maybe it's a big decision you've come up with. When the outcome doesn't go our way, when it's not what we hope for, don't we as human beings just for a second say- God where were you on that one, what were you doing there God I don't understand? And if these moments start to pile up one after another after another, we start to question if God is really for us and not against us.

Doubt is one of Satan's best plays and it starts at the very beginning. In Genesis 3:1-7 it says this- The serpent was craftier than any of the wild animals the LORD God had made. One day he asked the woman, "Did God really say, 'You must not eat from any tree in the garden?'" The woman said to the serpent, "Of course, we may eat fruit from the trees in the garden, but God did say, 'You must not eat fruit from the tree that is in the middle of the garden, and you must not touch it, or you will die.'" But the serpent moves on, "You will not certainly die," the serpent said to the woman. "For God knows that when you eat from it your eyes will be opened, and you will be like God, knowing good and evil." The woman was convinced. When she saw that the fruit of the tree was good and pleasing to the eye, and desirable for gaining wisdom, she took some and ate it. She also gave some to her husband, who was with her, and he ate it. Then the eyes of both were opened, and they realized they were naked; so, they sewed fig leaves together and made coverings for themselves. The woman was convinced- it took one question, one response and that's all it took for Satan to begin his run of deception and doubt. And it continued even with the major characters of Scripture, we read about Abraham and Sarah doubting that they would have a son even though God had His promise to them. We read about Moses doubting his ability even as God had called him to speak. God told him that God Himself would give him the words to speak to Pharoah, but Moses still doubted. And even King David had his doubts, in Psalms 13 he says, "How long, LORD? Will you forget me forever?" We see that some of the most faithful of Scripture struggled with doubt and this doubt comes from the greatest deceiver history has ever known. Satan doesn't want to see God's people confident, and he doesn't want us to see God's plan for us. Satan wants us to focus on our doubts and not the person and work of Jesus. Professor Allister McGrath said, "Think through what will happen if Satan can manage to get you obsessed with your doubts. You'll start becoming introverted, as you become preoccupied with your doubts. You'll look inwards at yourself and your state of mind. And you will stop looking outwards, away from yourself and toward the promises of God, confirmed and sealed through the death and resurrection of Christ. The more you worry about your doubts, the less you will look to God. Gradually, those vital links with the life-giving grace of God will wither—and your spiritual life will wither and shrivel. Doubt will become unbelief—because you allowed it to. Feed your doubts and your faith will starve—but feed your faith, and your doubts will starve." When we begin to look inwardly towards our brokenness, our faults, and our shortcomings, we begin to despair. We begin to think that there is no hope, we start to think that God couldn't possibly deliver us from the hurt or struggle that we are currently facing and that's exactly where Satan wants us to be looking at the current situation with absolutely no hope.

> GOD IS BIG ENOUGH TO HANDLE OUR TOUGHEST QUESTIONS AND OUR DEEPEST DOUBTS. MY PRAYER IS THAT DOUBT DOESN'T DEFINE YOU TODAY AND THAT WHEN YOU ASK JESUS TO COME, YOU WALK AWAY SAYING THE SAME THING THOMAS DID- MY LORD AND MY GOD!

But it gives me great pleasure to let you know that the tomb is empty, the stone has been rolled away, death has been defeated and Jesus has risen. And because of this doubt doesn't have to define us. Thomas didn't go to his grave as doubting Thomas, everybody knew him as doubting Thomas, but in this text, he had an encounter with Jesus, and it changed his life. So, this leads us to ask what we do with the doubts we have. First, we must recognize where and whom doubt comes from, we know it's not from God. We must allow ourselves to be honest and take a hard look at where we are doubting God and His work. Doubt must be met head-on. If we are going to meet doubt head-on, how do we do this? First, we pray- that's the way to communicate with our God in heaven. The second is to find a close friend, someone you trust, to share what is going on in your head. God doesn't want us to do this alone, so we need to confide in someone about our doubts. My prayer is that this trusted friend knows a few of the promises of God and can be a reminder of His goodness, His mercy, and His grace. And by remembering those we can move forward. But how do we move forward? We move forward by prayer, by being honest about our doubts, and by trusting in the promises of God. The Bible verses above show us that, Thomas moved forward after an encounter with Jesus. An encounter with Jesus is the best way to remedy doubt. Maybe your encounter with Jesus is through prayer, maybe it's through reading the Bible, maybe it's through serving the community or maybe it's serving around the world but the biggest way to combat the doubt is through seeking the truth and the truth is wrapped up in the life, the death and the resurrection of Jesus Christ. The truth is that Jesus died for your sins, the truth is that death has no more sting, that He has risen, and the grave is no more. The truth is that because of this, we can stand before God redeemed, washed in the blood of Jesus, ready to worship at the feet of God. The truth is that an encounter with the risen God changes everything. The fact that the tomb is empty changes everything, the fact that death is defeated changes everything, the fact that your sins are forgiven changes everything, and the fact that Jesus is alive and reigns today changes everything. Everything about your vision, everything about your perspective, your focus, your habits, everything changes when we have an encounter with the risen Savior. It changes the trajectory of your life. God is big enough to handle our toughest questions and our deepest doubts. My prayer is that doubt doesn't define you today and that when you ask Jesus to come, you walk away saying the same thing Thomas did- my Lord and my God!

# ഇങ്ങനെയും ഒരു ക്രിസ്ത്യൻ പ്രഥമ വനിത

രാഷ്ട്രീയ പ്രക്ഷുബ്ധതയിലുടനീളം, സൂംഗ് മെയ്-ലിംഗ് തന്റെ ക്രിസ്ത്യൻ വിശ്വാസങ്ങളിൽ ഉറച്ചുനിൽക്കുകയും ചൈനയിലും തായ്‌വാനിലും സുവിശേഷം പ്രചരിപ്പിക്കുന്നതിന് പിന്തുണ നൽകുകയും ചെയ്തു.

20-ആം നൂറ്റാണ്ടിലെ ചൈനീസ് ചരിത്രത്തിലെ ഒരു സുപ്രധാന വ്യക്തിയായ സൂംഗ് മെയ്-ലിംഗ് (1898-2003), റിപ്പബ്ലിക് ഓഫ് ചൈനയുടെ പ്രഥമ വനിത എന്ന നിലയിൽ ഒരു പ്രത്യേക സ്ഥാനം വഹിക്കുന്ന ഒരു വ്യക്തിയാണ്. ചൈനയിൽ സൂംഗ് മെയ്-ലിംഗ് എന്നും, തായ്‌വാനിലെ ചിയാങ് സൂംഗ് മെയ്-ലിംഗ് എന്നും , ഇംഗ്ലീഷ്കാർക്കിടയിൽ മാഡം ചിയാങ് എന്നിങ്ങനെ വിവിധ പേരുകളിൽ അറിയപ്പെട്ട അവർ, ചിയാങ് കൈ-ഷേക്കിന്റെ ഭാര്യയായി ചരിത്രത്തിൽ നിർണായക പങ്ക് വഹിച്ചിരുന്നു. റിപ്പബ്ലിക് ഓഫ് ചൈനയുടെ അഞ്ചാമത്തെ പ്രസിഡൻസിയിലൂടെയും ആറാമത്തെയും ഏഴാമത്തെയും പ്രസിഡന്റുമാരുടെ രണ്ടാനമ്മയുമായിരുന്നു അവരുടെ രാഷ്ട്രീയ പങ്ക് നന്നായി അംഗീകരിക്കപ്പെട്ടിട്ടുണ്ടെങ്കിലും, അവരുടെ ക്രിസ്ത്യൻ വിശ്വാസം അത്ര അറിയപ്പെടാത്തതും എന്നാൽ അവരുടെ ജീവിതത്തിലെ സുപ്രധാന വശവുമാണ്.



## ആദ്യകാല ജീവിതം

1898-ൽ ഷാങ്ഹായിലെ ഒരു ക്രിസ്ത്യൻ കുടുംബത്തിലാണ് സൂംഗ് ജനിച്ചത്. അവരുടെ പിതാവ് ചാർളി സൂംഗ് യുണൈറ്റഡ് സ്റ്റേറ്റ്സിലെ വാൻഡർബിൽറ്റ് യൂണിവേഴ്സിറ്റിയിൽ ദൈവശാസ്ത്രം പഠിച്ച് മെത്തഡിസ്റ്റ് പാസ്റ്ററായി. അദ്ദേഹം വളരെ സ്വാധീനമുള്ള ഒരു പ്രസാധകനും ചൈനയിലെ യംഗ് മെൻസ് ക്രിസ്ത്യൻ അസോസിയേഷന്റെ (YMCA) പ്രധാന നേതാവുമായിരുന്നു. ഒരു പാസ്റ്ററുടെ മകളായ നി ഗുയ്ഷെൻ സൂംഗിന്റെ അമ്മ, അവരുടെ വീട്ടിൽ ക്രിസ്തീയ മൂല്യങ്ങൾ കൂടുതൽ ഊട്ടിയുറപ്പിച്ചു.

ചൈനയുടെ രാഷ്ട്രീയ ചരിത്രത്തിലെ പ്രമുഖ വ്യക്തികളെ വിവാഹം കഴിക്കുന്ന, സ്വാധീനമുള്ള മൂന്ന് സഹോദരിമാരിൽ ഏറ്റവും ഇളയവളായിരുന്നു സൂംഗ്. അവരുടെ മൂത്ത സഹോദരി റിപ്പബ്ലിക് ഓഫ് ചൈനയുടെ ഗവൺമെന്റിലെ നേതാവായിരുന്ന എച്ച് യുടെ ഭാര്യയായിരുന്നു. അവളുടെ രണ്ടാമത്തെ സഹോദരി ആധുനിക ചൈനയുടെ രൂപീകരണത്തിലെ ഒരു പ്രധാന വ്യക്തിയായ സൺ യാറ്റ്-സെനെ വിവാഹം കഴിച്ചു.

അമേരിക്കയിലെ പീഡ്മോണ്ട് കോളേജ്, വെസ്‌ലിയൻ കോളേജ്, വെല്ലസ്‌ലി കോളേജ് എന്നിവിടങ്ങളിൽ വിദ്യാഭ്യാസം നേടിയ സൂംഗ് തന്റെ ചൈനീസ് പാരമ്പര്യത്തോടൊപ്പം പാശ്ചാത്യ സംസ്കാരവും സ്വീകരിച്ചു. പാശ്ചാത്യ മിഷനറിമാരുമായി സഹകരിച്ച് സാമൂഹിക പ്രവർത്തനത്തിനും വിദ്യാഭ്യാസത്തിനും സ്വയം സമർപ്പിച്ചുകൊണ്ട് അവൾ 1917-ൽ ചൈനയിലേക്ക് മടങ്ങി.

## റിപ്പബ്ലിക്കിന്റെ പ്രഥമ വനിത

1927 ഡിസംബർ 1-ന്, അന്നത്തെ നാഷണൽ റെവല്യൂഷണറി ആർമിയുടെ കമാൻഡർ ഇൻ ചീഫ് ചിയാങ്ങിനെ ക്രിസ്തീയ രീതിയിൽ സൂംഗ് വിവാഹം കഴിച്ചു. പലരും അവരുടെ വിവാഹത്തെ രാഷ്ട്രീയ പ്രേരിതമായി വീക്ഷിച്ചെങ്കിലും, ചിയാങ് സോംഗ് കുടുംബത്തിലൂടെ അമേരിക്കയുമായുള്ള ബന്ധം ശക്തിപ്പെടുത്താനും സൂംഗ് ചിയാങ്ങിലൂടെ രാഷ്ട്രീയ സ്വാധീനം തേടാനും ശ്രമിച്ചു. അവർക്കിടയിൽ ബന്ധം ആത്മാർത്ഥത ഉള്ളതായിരുന്നു എന്ന് അംഗീകരിക്കപ്പെട്ടു.

സൂംഗിന്റെ അമ്മയുടെ അഭ്യർത്ഥന പ്രകാരം ചിയാങ് ക്രിസ്തുമതം സ്വീകരിച്ചു, സ്വന്തം പാർട്ടിയുടെ രാഷ്ട്രീയ എതിർപ്പുകൾക്കിടയിൽ 1930-ൽ സ്നാനപ്പെട്ടു. കടുത്ത വിഷാദത്തോട് പൊരുതിയിരുന്ന സൂങിന് 1931-ൽ ആഴത്തിലുള്ള ആത്മീയ ഉണർവ്വിലേക്ക് നയിക്കപ്പെട്ടു. ജാപ്പനീസ് ആക്രമണത്തിന്റെ ഭീഷണി ഉൾപ്പെടെ ചൈനയ്ക്കുള്ള ആന്തരികവും ബാഹ്യവുമായ വെല്ലുവിളികൾ ഉണ്ടാക്കിയ കാലഘട്ടത്തിൽ ദൈനംദിന



**പീരുമേട് ക്ലീറ്റസ്**

പ്രാർത്ഥനകൾ ശക്തിയും ആശ്വാസവും നൽകുന്ന അമ്മയുടെ വിയോഗം അവളുടെ വിഷാദം കൂടുതൽ തീവ്രമാക്കി. ഈ കാലഘട്ടം അവളുടെ ആത്മീയ ജീവിതത്തിൽ ഒരു സുപ്രധാന മാറ്റം ഉണ്ടാക്കി. അവരുടെ വിശ്വാസം കൂടുതൽ ദൃഢമാക്കാൻ അത് അവരെ വളരെ പ്രേരിപ്പിച്ചു. സൂംഗും ചിയാംഗും തങ്ങളുടെ ആഴത്തിലുള്ള വിശ്വാസത്തെ പ്രതിഫലിപ്പിക്കുന്നതായിരുന്നു ദിനചര്യയാക്കിയ ബൈബിൾ വായനയും പ്രാർത്ഥനയും.

## ന്യൂ ലൈഫ് മൂവ്മെന്റ്"

1930-കളിൽ ചിയാങ് "ന്യൂ ലൈഫ് മൂവ്മെന്റ്" ആരംഭിച്ചു, പരമ്പരാഗത മൂല്യങ്ങളിലൂടെയും അച്ചടക്കത്തിലൂടെയും സമൂഹത്തെ നവീകരിക്കാൻ ലക്ഷ്യമിട്ടുള്ള ഒരു കാമ്പയിൻ. സഭയുടെ സ്വാധീനം പ്രയോജനപ്പെടുത്തുകയും ക്രിസ്ത്യൻ കുടുംബ മൂല്യങ്ങൾക്കായി വാദിക്കുകയും ചെയ്തു, പ്രത്യേകിച്ച് സാമൂഹിക മാറ്റത്തിൽ സ്ത്രീകളുടെ പങ്ക് ഊന്നിപ്പറയുന്ന പ്രചാരണത്തിന്റെ മുൻനിരയിലായിരുന്നു സൂംഗ്. പ്രസ്ഥാനം ക്രിസ്ത്യൻ ധാർമ്മികതയിൽ ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുണ്ടെങ്കിലും, ചില ചൈനീസ് ക്രിസ്ത്യാനികൾ ചിയാങ്ങിന്റെ ക്രിസ്ത്യൻ വിശ്വാസത്തിന്റെ ആത്മാർത്ഥതയെക്കുറിച്ചും അദ്ദേഹത്തിന്റെ നേതൃത്വത്തെ സ്വാധീനിക്കുന്നതിനെക്കുറിച്ചും സംശയം പ്രകടിപ്പിച്ചിരുന്നു, അദ്ദേഹത്തിന്റെ ഭരണത്തെ പരമ്പരാഗത കൺഫ്യൂഷ്യനിസവും ഒരുപക്ഷേ ഭൂഗർഭ ക്രിമിനൽ വിഭാഗങ്ങളുടെ പ്രത്യയശാസ്ത്രങ്ങളും കൂടുതൽ സ്വാധീനിച്ചിട്ടുണ്ടെന്ന് വിമർശകർ അഭിപ്രായപ്പെടുന്നു.

1936 ൽ സ്വന്തം പാർട്ടിയിലെ അംഗങ്ങൾ ചിയാങ്ങിനെ തട്ടിക്കൊണ്ടുപോയതുമായി ബന്ധപ്പെട്ട ഒരു വലിയ രാഷ്ട്രീയ പ്രതിസന്ധിയിൽ, സൂംഗ് ചിയാങ് സമാധാനപരമായും, ശാന്തതയിലൂടെയും ബുദ്ധിപരമായ സമീപനത്തിലൂടെയും അദ്ദേഹത്തെ മോചിപ്പിച്ചു. മോചിതനായ ശേഷം, ദിവസേനയുള്ള ബൈബിൾ വായനയ്ക്കും പ്രാർത്ഥനയ്ക്കുമൊപ്പം വേണ്ടിയുള്ള കഠിനാധ്വാനത്തിനിടെ ചിയാങ് സൂങ്ന് വചനങ്ങൾ പറഞ്ഞ് ധൈര്യപ്പെടുത്തിയിരുന്നു.

"വിശ്വാസത്യാഗിനിയായ മകളേ! നീ എത്രത്തോളം ഉഴന്നു നടക്കും? യഹോവ ദേശത്ത് ഒരു പുതുമ സൃഷ്ടിക്കുന്നു: സ്ത്രീ പുരുഷനെ ചുറ്റി പരിപാലിക്കും" (യിരെ. 31:22).

പ്രഥമവനിതയെന്ന നിലയിൽ സൂംഗിന്റെ സ്വാധീനം ചൈന-ജാപ്പനീസ് യുദ്ധകാലത്ത് അതിന്റെ ഉച്ചസ്ഥായിയിലെത്തി. യുദ്ധത്തിൽ അവർ സ്ത്രീകളുടെ സംഭാവനകൾ സംഘടിപ്പിച്ചു. അന്താരാഷ്ട്രതലത്തിൽ, ജപ്പാനെതിരായ ചൈനയുടെ ചെറുത്തുനിൽപ്പിന് അവർ അമേരിക്കൻ പിന്തുണ ഉറപ്പാക്കി. അമേരിക്കൻ രാഷ്ട്രീയക്കാരെയും പൊതുജനങ്ങളെയും വാക്ചാതുര്യവും ചാരുതയും ഇംഗ്ലീഷ് ഭാഷാ പ്രാവീണ്യവും ഉപയോഗിച്ച് കീഴ്പ്പെടുത്തി. (ചിയാങ്ങിന് ഇംഗ്ലീഷ് സംസാരിക്കാൻ അറിയില്ലായിരുന്നു, അതിനാൽ മെയ്-ലിംഗ് അവന്റെ വിവർത്തകനായി സേവനമനുഷ്ഠിച്ചു.) അവൾ ലോകമെമ്പാടും അംഗീകാരം നേടുകയും ടൈം മാഗസിന്റെ കവറിൽ മൂന്ന് തവണ പ്രത്യക്ഷപ്പെടുകയും ചെയ്തു. 1943-ൽ, വാഷിംഗ്ടൺ ഡിസിയിലെ ഫൗണ്ടറി മെത്തഡിസ്റ്റ് ചർച്ച് അവളുടെ ഒരു ചിത്രവും ഉൾപ്പെടുത്തി.

ഗുണപാഠം

# മനപൂർവ്വം മാറി നിൽക്കുന്ന മനുഷ്യൻ



**അർഷ്യ റെയ്ച്ചൽ ജോൺ**
**ജർമ്മനി**

**നമ്മെ സഹായിപ്പാൻ കഴിയുന്നവർ പലപ്പോഴും അതിന് മനസ്സ് വയ്ക്കാറില്ല. ചിലർ നമ്മുടെ തിന്മയും തകർച്ചയും നാശവും കാണുവാൻ ആഗ്രഹിക്കും. നമ്മെ കണ്ട് രസിക്കുന്നവരും ഉണ്ടാകും.**

ഒരിക്കൽ ഒരു വേട്ടക്കാരൻ കാട്ടിലൂടെ നടക്കുമ്പോൾ ഒരു വിഷപാമ്പ് ഒരു വൃക്ഷത്തിൽ കയറുന്നത് കണ്ടു. പാമ്പ് മരത്തിലെ കൂട്ടിൽ കിടക്കുന്ന കിളി കുഞ്ഞുങ്ങളെ ലക്ഷ്യമാക്കിയാണ് നീങ്ങുന്നത്. അതിനെ ഭക്ഷിക്കുവാൻ വളരെ ആർത്തിയോടെയാണ് പാമ്പ് വേഗത്തിൽ ആയാസപ്പെട്ട് ഇഴഞ്ഞ് കയറുന്നത്. പാമ്പിനെ കണ്ട അമ്മക്കിളി ചിലക്കുവാൻ തുടങ്ങി. കാര്യം മാനസിലായെങ്കിലും കാഴ്ച്ച കണ്ട് വേട്ടകാരൻ പ്രതികരണമില്ലാതെ നിൽക്കുകയാണ്. കൈയ്യിൽ തോക്കും വേട്ട ആയുധങ്ങളും കൈയ്യിൽ ഉണ്ടെങ്കിലും അയാൾ മാനവൃത്തിലാണ്. എങ്കിലും എന്ത് സംഭവിക്കും എന്നറിയാൻ അയാൾ കാഴ്ച്ച കണ്ടു നിൽക്കുന്നത് തുടർന്നു.

പാമ്പ് ഏകദേശം കൂടിനോട് അടുത്തപ്പോൾ ഒരു നിമിഷത്തേണ് അമ്മക്കിളി എവിടേക്കോ പറന്ന് അകന്നു. ചുറ്റും നടക്കുന്നത് എന്താണന്നറിയാതെ കിളി കുഞ്ഞുങ്ങൾ ആകാശത്തേക്ക് നോക്കി കൂട്ടിൽ കഴിയുകയാണ്. അധികം വൈകാതെ അമ്മക്കിളി കുറെ ഇലകൾ കൊണ്ട് വന്ന് കൂട്ടിന് മുകളിൽ ഇട്ടു. ഉടനെ പാമ്പ് കൂട്ടിലേക്ക് തല നീട്ടിയെങ്കിലും അതിനേക്കാൾ വേഗത്തിൽ തല പിൻവലിച്ച് കൊണ്ട് പാമ്പ് ഇഴഞ്ഞ് താഴേക്കിറങ്ങി. ഇത് കണ്ട് കൊണ്ടിരുന്ന വേട്ടക്കാരൻ ഒന്നും മനസ്സിലാകാതെ അതിശയത്തോട് ആലോചിച്ച് നിന്നു. പിന്നീട് നാട്ടിൽ മടങ്ങിയെത്തിയ വേട്ടക്കാരൻ കാട്ടിലെ കഥ മറ്റുള്ളവരോട് പങ്ക് വച്ചു. അപ്പോഴാണ് വേട്ടക്കാരന് ആ സത്യം മനസിലായത് എന്തുകൊണ്ടാണ് പാമ്പ് കിളികുഞ്ഞുങ്ങളെ വിഴുങ്ങാതെ പിന്മാറിയതെന്ന്. അമ്മക്കിളി പാമ്പുകൾക്ക് വിഷകരവും വിനാശകരവുമായ ഇലകളായിരുന്നു കൂട്ടിൽ കൊണ്ട് ഇട്ടതെന്ന്. ഇലകളിൽ നിന്ന് വമിക്കുന്ന ദുർഗന്ധം തന്നെ പാമ്പുകൾക്ക് അസഹനീയമാണ്.

ഇതിന് സമാനമായ നിലയിൽ പലപ്പോഴും ദൈവമക്കളും അകപ്പെടാറുണ്ട്. നമ്മെ സഹായിപ്പാൻ കഴിയുന്നവർ പലപ്പോഴും അതിന് മനസ്സ് വയ്ക്കാറില്ല. ചിലർ നമ്മുടെ തിന്മയും തകർച്ചയും നാശവും കാണുവാൻ ആഗ്രഹിക്കും. നമ്മെ കണ്ട് രസിക്കുന്നവരും ഉണ്ടാകും. പലരും അകന്ന് നിൽക്കും. അത്തരം സാഹചര്യങ്ങളിൽ സ്വയം പ്രതിരോധിക്കുവാൻ ദൈവം നമ്മെ സഹായിക്കും.

# സോൾ വിന്നേഴ്സ് ഇന്ത്യ - കൺവൻഷൻ ഫീച്ചർ

### ഓർഡിനേഷൻ

ദൈവവചനത്തിന്റെ അടിസ്ഥാനത്തിലും അപ്പോസ്തോലിക പാരമ്പര്യങ്ങളുടെ പിൻതുടർച്ചയായും സഭയിലെ ശുശ്രുഷകരെ യോഗ്യത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഓർഡിനേഷൻ ചെയ്യുന്നത് പതിവാണ്. ഈ ക്രമത്തിൽ 2024 ലെ സഭയുടെ സ്റ്റേറ്റ് കൺവൻഷനിൽ ഓർഡിനേഷൻ നടന്നു. അനീഷ് എം തെങ്ങുവിളസഭയുടെ ശുശ്രൂഷകൻ, അനീഷ് കുമാർ എസ് കോവിൽ വിള സഭയുടെ ശുശ്രുഷകൻ, സാജൻ കെ എസ് ചമവിള സഭയുടെ ശുശ്രുഷകൻ എന്നിവരെ പാസ്റ്റർമാരായും സുന്ദരൻ ഈ പാലോട്ട് വിളസഭയുടെ ശുശുഷകൻ സുന്ദരൻ ഈ യെ, ഫിലിപ്പ് പി ഡി വേങ്കോട് സഭയുടെ ശുശ്രുഷകനെ ഇവാഞ്ചിലിസ്റ്റായും ഓർഡിനേഷൻ ചെയ്തു. തുടർമാനമായി 5 വർഷത്തിലധികം സഭയോട് ചേർന്ന് പ്രവർത്തിക്കുന്ന മൂന്ന് പേർക്കാണ് പാസ്റ്ററായും, മറ്റുള്ളവരെ സുവിശേഷകരായും ഓർഡൈൻ ചെയ്തത്. സഭാ പ്രസിഡന്റ് ഡോ. പാസ്റ്റർ സന്തോഷ് ഈശോ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. ഓർഡിനേഷൻ ലഭിച്ചവർ കുടുംബമായാണ് ശുശ്രൂഷകൾക്ക് പങ്കെടുത്തത്.

### സുവിശേഷ യോഗങ്ങൾ

ജനുവരി പന്ത്രണ്ട് മുതൽ പതിനാല് വരെ മൂന്ന് ദിവസങ്ങളിലായി നടന്ന മീറ്റിംഗുകളിൽ രണ്ട് ആദ്യ രണ്ട് ദിവസങ്ങളിലാണ് സുവിശേഷ യോഗങ്ങൾ നടന്നത്. ആദ്യ ദിവസം മാവേലിക്കര കേന്ദ്രമാക്കി പ്രവർത്തിക്കുന്ന പെന്തക്കോസ്ത് ദൈവസഭയുടെ ജനറൽ സെക്രട്ടറിയായി പ്രവർത്തിക്കുന്ന പാസ്റ്റർ ഷാജി ശമുവേലും (നിലമ്പൂർ) രണ്ടാം ദിവസം സഭാ പ്രസിഡന്റ് ഡോ പാസ്റ്റർ സന്തോഷ് ഈശോയും ദൈവവചനത്തിൽ നിന്നും സംസാരിച്ചു. ആദ്യ ദിവസം പാസ്റ്റർ ജ്ഞാനശീലൻ (SWIFCG) തിരുവനന്തപുരം ഡിസ്ട്രിക്ക് പാസ്റ്ററും, രണ്ടാം ദിവസം പാസ്റ്ററും അനിഷ് തെങ്ങുവിളക്കുഴിയും അദ്ധ്യക്ഷത വഹിച്ചു

### പുത്രിക സംഘടനകളുടെ വാർഷികം

13 ന് രാവിലെ 10 ന് പാസ്റ്റർ സാജൻ കെ എ സിന്റെ അദ്ധ്യക്ഷതയിൽ വാർഷിക യോഗം നടന്നു. വാർഷിക താലന്തു പരിശോധനയിൽ ഒന്നാം സ്ഥാനം നേടിയവർ വാർഷിക സമ്മേളനത്തിൽ വിവിധ പരിപാടികൾ അവതരിപ്പിച്ചു. ആത്മാവിന്റെ ഫലങ്ങൾ കൊണ്ട് ഉണ്ടാക്കാവുന്ന വിഭവത്തെ സംബന്ധിച്ച് പാസ്റ്റർ സാജന്റെ ഭാര്യയും മകളും നടത്തിയ കുക്കറി ഷോ വളരെ മനോഹരമായിരുന്നു. ധനവാന്റെയും ലാസറിന്റെയും കഥ വർത്തമാനകാലത്തിന് അനുസരിച്ച് അവതരിപ്പിച്ച പരിപാടി വളരെ മനോഹരവും ഹൃദ്യവുമായിരുന്നു. 'നിയമങ്ങൾ പൊളിക്കരുത്' എന്ന ശീർഷകത്തെ ആസ്പദമാക്കി സ്റ്റേറ്റ് കോർഡിനേറ്റർ പാസ്റ്റർ പീരുമേട് മുഖ്യസന്ദേശം ക്ലീറ്റസ് സന്ദേശം നൽകി. ബ്രദർ സാം, പാസ്റ്റർ രാജിവ് കവിയൂർ എന്നിവർ ആശംസാ സന്ദേശങ്ങളും അറിയിച്ചു. സഭാ പ്രസിഡന്റ് ഡോ പാസ്റ്റർ സന്തോഷ് ഈ ശോയും പങ്കെടുത്തു

## ആശംസ സന്ദേശം









## അനുഗ്രഹ പ്രാർത്ഥനകൾ







### സമ്മാനദാനം

യുവജന, സൺഡേസ്ക്കൂൾ വാർഷിക താലന്തു പരിശോധനകളിൽ വിജയികളായ ഒന്നും രണ്ടും സ്ഥാനം നേടിയവർക്കും, ഏറ്റവും കൂടുതൽ പോയിന്റ് നേടിയ സഭയ്ക്കും ഉള്ള സമ്മാനങ്ങൾ വാർഷിക യോഗത്തിൽ വിതരണം ചെയ്തു. ബിഗിനേഷ്സിന് പാസ്റ്റർ ജോൺ പീറ്റർ (ഇടുക്കി വണ്ടിപ്പെരിയാർ) ജൂനിയേഴ്സിന് പാസ്റ്റർ പീരുമേട് ക്ലീറ്റസ് (സ്റ്റേറ്റ് കോർഡിനേറ്റർ) സീനിയേഴ്സിന് ബ്രദർ സാം കുമ്പനാട് എന്നിവരും സമ്മാനങ്ങൾ വിതരണം ചെയ്തു. ബെസ്റ്റ് സുഡൻന്റിനും, തെങ്ങുവിളസഭയ്ക്കുള്ള ഓവർ റോളിംഗ് ട്രോഫി സഭാപ്രസിഡന്റ് ഡോ പാസ്റ്റർ സന്തോഷ് ഈശോയും വിതരണം ചെയ്തു

### സെമിനാരിയൻസ് ഉത്ഘാടനം

സഭാ പ്രവർത്തനങ്ങൾ കൂടാതെ സെക്യൂലർ സ്കൂൾ, ബൈബിൾ സെമിനാരി, ചിൽഡ്രൻസ് ഹോം, കൊഹാട്ട് ക്ലാസ് എന്നീ വിവിധ പ്രവർത്തനങ്ങളും സ്ഥാപനത്തിന്റെ കീഴിൽ നടന്നു വരുന്നു. കേരളത്തിൽ തിരുവനന്തപുരം ജില്ലയുടെ കീഴിലും ഇതിന്റെ കീഴിൽ ആരംഭിച്ച പ്രവർത്തനമാണ് സെമിനാരിയൻസ്. ഡിസ്ട്രിക്ക് പാസ്റ്റർ ജ്ഞാനശീലന്റെ മകൻ ഫ്ളാഗോൺ സെമിനാരികളിൽ ദൈവവചനം പഠിക്കുന്നവരും പഠനം പൂർത്തിയാക്കിവരും ചേർന്ന് വിവിധ സാമൂഹ്യ സേവനങ്ങളും, സുവിശേഷികരണവും നടത്തുന്നതാണ് പ്രവർത്തന രീതി. ഡ്രക്സ്സ് ക്യാമ്പയിൻ, പൊതു ഇടങ്ങളുടെയും സ്ഥാപനങ്ങളുടെയും ശുചീകരണങ്ങൾ, സൗജന്യമായി സുവിശേഷികണ പ്രർത്തനങ്ങൾ നടത്തുക എന്നീ പരിപാടികളാണ് നടത്തുന്നത്. അന്നേ ദിവസം നാറാണിക്കടുത്തുള്ള ഒരു വൃദ്ധസദനത്തിലെ അംഗങ്ങൾക്ക് ഒരു നേരത്തെ ഭക്ഷണം വിതരണം ചെയ്ത് സാമൂഹിക പ്രവർത്തനങ്ങളുടെ ഉത്ഘാടനം ഡോ പാസ്റ്റർ സന്തോഷ് ഈശോ നിർവഹിച്ചു. ടിം അംഗങ്ങളെ ശുശ്രൂഷകൾക്കായി പ്രാർത്ഥിച്ച് നിയോഗിച്ചു. പ്രവർത്തന ഉദ്ദേശം സുവിശേഷകൻ ഫ്ലാഗോൺ വിശദീകരിച്ചു. പാസ്റ്റർ ജ്ഞാനശീലൻ അദ്ധ്യക്ഷത വഹിച്ചു.

### വിദ്യാഭ്യാസ സഹായ വിതരണം

സമൂഹത്തിലെ വിവിധ മേഘലകളിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ പരമായ പുരോഗതിക്ക് കേന്ദ്ര സംസ്ഥാന സർക്കാരുകൾ വിവിധ പദ്ധതികളാണ് നടപ്പിലാക്കുന്നത്. സർക്കാരുകളുടെ ഭാഗമായ് നിന്നുകൊണ്ട് സോൾ വിന്നേഴ്സ് ഇൻഡ്യയും പതിറ്റാണ്ടുകളായി പ്രവർത്തിച്ച് വരുന്നു. തിരുവനന്തപുരം ജില്ലയിലെ സഭകളുടെ നേതൃത്വത്തിൽ സഭയ്ക്ക് അകത്തും പുറത്തുമുള്ള അർഹരായ കുട്ടികൾക്ക് വിദ്യാഭ്യസം സഹായം ചെയ്തു വരുന്നു. വാർഷിക പരിപാടിയോടനുബന്ധിച്ച് കുട്ടികൾക്ക് പ്രസിഡന്റ് ഡോ പാസ്റ്റർ സന്തോഷ് ഈശോ വിദ്യാഭ്യാസ സാമ്പത്തിക സഹായങ്ങൾ വിതരണം ചെയ്തു. പാസ്റ്റർ ജ്ഞാനശീലൻ അദ്ധ്യക്ഷത വഹിച്ചു.

### ഗാന ശുശ്രൂഷ

സംസ്ഥനത്തിലെ സഭാ പ്രവർത്തനങ്ങളുടെ പ്രാരംഭ കാലം മുതൽ തന്നെ ഗാനശ്രുഷകൾക്ക് നേതൃത്വം നൽകുന്നത് വൈ ജി എം മിനിസ്ട്രിയാണ്. ഈ പ്രാവശ്യവും ശുശ്രുഷകൾക്ക് നേതൃത്വം നൽകിയത്. ഒപ്പം സഭയിലെ കുട്ടികളെ കൂടെ പരിശീലിപ്പിച്ച് സോൾ വിന്നേഴ്സിന്റെ ക്വയർ അംഗങ്ങൾ കൂടെ ഒരുമിച്ചുള്ള ഗാനശുശ്രുഷയാണ് സ്റ്റേറ്റ് കൺവൻഷനിൽ നടന്നത്. വരും വർഷങ്ങളിൽ സഭയുടെ സ്വന്തം അംഗങ്ങൾ തന്നെ ഗാനശുശ്രുഷകൾക്ക് നേതൃത്വം കൊടുക്കുന്ന രീതിയിൽ യുവതി യുവാക്കളെയും കുട്ടികളെയും പരിശീലിപ്പിക്കാനും സഭ പ്രതിജ്ഞാ ബദ്ധമാണ്.

### സംയുക്ത സഭായോഗവും തിരുമേശ ശുശ്രുഷയും

ഞായറാഴ്ച്ച നടന്ന സംയുക്ത സഭായോഗങ്ങൾക്ക് പാസ്റ്റർ അനിൽ കുമാർ എസ് നേതൃത്വം നൽകി. പ്രാരംഭ ആരാധനകൾക്ക് ശേഷം പാസ്റ്റർ അനിൽ കുമാർ സങ്കീർത്തനം വയിക്കുകയും പ്രബോധിപ്പിക്കുകയും ചെയ്തു.

അതേ തുടർന്ന് മൂന്ന് പേർക്ക് പാസ്റ്റർമാരായും രണ്ട് പേർക്ക് സുവിശേഷകരായും ഓർഡിനേഷൻ നൽകി. ശുശ്രുഷകൾക്ക് സഭാ പ്രസിഡന്റ് ഡോ പാസ്റ്റർ സന്തോഷ് ഈശോ നേതൃത്വം നൽകി. സഹശുശ്രുഷകരായി സ്റ്റേറ്റ് കോർഡിനേറ്റർ പാസ്റ്റർ പീരുമേട് ക്ലീറ്റസും, ഡിസ്ട്രിക്ക് പാസ്റ്റർ ജ്ഞാനശീലനും സഹകരിച്ചു. തിരുവത്താഴ ശുശ്രുഷകൾക്ക് സ്റ്റേറ്റ് കോർഡിനേറ്റർ പാസ്റ്റർ പീരുമേട് ക്ലീറ്റസ് നേതൃത്വം നൽകി. പുതുതായ ഓർഡിനേഷൻ ലഭിച്ച ശുശ്രുഷകന്മാരും സഹകാരികളായി. സമാപന സന്ദേശം ഡോ പാസ്റ്റർ സന്തോഷ് ഈശോ നൽകി. സുവിശേഷകൻ ഫ്ലാഗോൺ ഇംഗ്ലീഷ് ഹിന്ദി ഭാഷകളിലെ സന്ദേശങ്ങൾ മലയാളത്തിലേക്ക് പരിഭാഷ നടത്തി. പാസ്റ്റർ പീരുമേട് ക്ലീറ്റസ് പ്രാർത്ഥിച്ച് ആശീർവാദത്തോടെ സഭായോഗം അവസാനിച്ചു.

## തിരുവത്താഴം












## ഓർഡിനേഷൻ












# പുത്രികാസംഘടനകളുടെ വാർഷികം

















# സമ്മാനദാനങ്ങൾ, പാസ്റ്റേഴ്സ് മീറ്റിംങ്, ഫാമിലി












# ചർച്ച് ഓഫ് ഗോഡ് സെൻട്രൽ വെസ്റ്റ് റീജിയന് പുതിയ നേതൃത്വം

**മുംബൈ:** കഴിഞ്ഞ 8 വർഷം സെൻട്രൽ വെസ്റ്റ് റീജിയൻ ഓവർസീയർ ആയിരുന്ന പാസ്റ്റർ ബെനിസൻ മത്തായി അടുത്ത ആൾക്ക് വേണ്ടി മനസ്സോടെ മാറിക്കൊടുത്തു. സമാനതകൾ ഇല്ലാത്ത വികസന പ്രവർത്തനങ്ങൾ തന്റെ നേതൃത്വത്തിൽ നടത്തിയിട്ടും മാധ്യമങ്ങളെ കൂട്ടു പിടിച്ചുള്ള പ്രചരണ കോലാഹലങ്ങൾ ഇല്ലാതെ തനിക്കു പകരം വെക്കാൻ മാറ്റാരുമില്ല എന്ന അവകാശവാദമില്ലാതെ തന്റെ പ്രായവും ആരോഗ്യവും അനുവദിച്ചിട്ടും പുതിയ നേതൃനിരക്കു വേണ്ടി വഴി മാറുവാനുള്ള പാസ്റ്റർ ബെനിസൻ മത്തായിയുടെ തീരുമാനം ഈ കാലഘട്ടത്തിൽ അപൂർവങ്ങളിൽ അപൂർവമായതാണ്. ഇതാണ് എല്ലാ നേതാക്കളും കണ്ടു പഠിക്കേണ്ടത്. ഇതൊക്കെയാണ് സഭകളിൽ നിന്ന് ജനം കേൾക്കാൻ ആഗ്രഹിക്കുന്ന വാർത്തയും.


പുതിയ റീജിയൻ ഓവർസീയർ ആയി പാസ്റ്റർ ഈ വി സാംകുട്ടി തിരഞ്ഞെടുക്കപ്പെട്ടു.ഇവാഞ്ചിലിസം ഡയറക്ടറായി പാസ്റ്റർ മഹാവീർ പ്രസാദും തിരഞ്ഞെടുക്കപ്പെട്ടു.

# സ്കോളർഷിപ്പിന് ന്യൂനപക്ഷക്ഷേമ വകുപ്പ് അപേക്ഷ ക്ഷണിച്ചു

**തിരുവനന്തപുരം:** സർക്കാർ അംഗീകൃത പ്രൈവറ്റ് ഐടിഐകളിൽ ഒന്ന്/ രണ്ട് വർഷത്തെ കോഴ്സുകളിൽ പഠിക്കുന്ന ന്യൂനപക്ഷ മതവിഭാഗങ്ങളിലെ ബിപിഎൽ വിഭാഗത്തിലെ വിദ്യാർഥികൾക്ക് ജനസംഖ്യാനുപാതികമായി ഫീസ് റീഇംബേഴ്സ്മെന്റ് ചെയ്തു നൽകുന്നതിലേക്കായി കേരള സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പ് അപേക്ഷ ക്ഷണിച്ചു. കേരളത്തിൽ പഠിക്കുന്ന സ്ഥിരതാമസക്കാരായ മുസ്ലിം, ക്രിസ്ത്യൻ, സിഖ്, ബുദ്ധ, പാഴ്സി എന്നീ വിഭാഗങ്ങളിലെ വിദ്യാർഥികൾക്കാണ് ഈ സ്കോളർഷിപ്പിന് അർഹത. മാനദണ്ഡങ്ങൾക്കനുസൃതമായി 2023-24 സാമ്പത്തിക വർഷം 4398 ന്യൂനപക്ഷ വിദ്യാർഥികളെയാണ് ജനസംഖ്യാനുപാതികമായി തെരഞ്ഞെടുക്കുന്നത്. അപേക്ഷകർക്ക് ഏതെങ്കിലും ദേശസാൽകൃത ബാങ്ക് / ഷെഡ്യൂൾഡ് ബാങ്കിൽ സ്വന്തം പേരിൽ അക്കൗണ്ട് ഉണ്ടായിരിക്കണം. www.minoritywelfare.kerala.gov.in വെബ്സൈറ്റിലെ സ്കോളർഷിപ്പ് ലിങ്ക് മുഖേന ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ജനുവരി 30. കൂടുതൽ വിവരങ്ങൾക്ക് 0471 2300524, 0471 2302090.

# പെന്തക്കോസ്ത് ഐക്യത്തിന് ആഹ്വാനവുമായി: മാർത്തോമാ സഭ വലിയ മെത്രാപ്പോലീത്ത

**കുമ്പനാട്:** തിരിഞ്ഞ് നോക്കാനും മുമ്പോട്ട് നോക്കുവാനുമുള്ള ഒരു അവസരമാണ് ശതാപ്തി കൺവൻഷൻ എന്ന് മർത്തോമാ സഭയുടെ വലിയ മെത്രാപ്പോലീത്താ റവ. ഡോ. ജോസഫ് മാർ ബർന്നബാസ് സഫ്രാഗൻ. രക്ഷിക്കപ്പെട്ടവൻ രക്ഷിക്കപ്പെടാത്തവനെകുറിച്ച് വേദനിക്കണം. അവനാണ് യഥാർത്ഥത്തിൽ രക്ഷിക്കപ്പെട്ടവൻ. രക്ഷിക്കപ്പെട്ടവൻ ദൈവ വചനം വായിക്കുന്നവനായിരിക്കണം. വചനത്തിലൂടെ മാത്രമേ ദുഷ്ടാത്മശക്തികളോട് എതിർത്ത് നിൽക്കാനുള്ള ശക്തി ഭിക്കുകയുള്ളൂ. യേശുവിങ്കലേക്ക് നോക്കിയാൽ അവരുടെ മുഖം പ്രകാശിതമായി തീരും. നമുക്ക് സഭകൾക്ക് ഒന്നായി തീരേണ്ടതുണ്ട്. അപ്പോൾ സ്നാനം ഒരു തർക്കവിഷയമാകാം. അതിന് ഞാൻ ഒരു പോംവഴി നിർദ്ദേശിക്കാം. രക്ഷിക്കപ്പെടുന്നവരെ ആദ്യം പെന്തിക്കോസ്ത്



കാർക്ക് കൊടുക്കാം. അവർ അവരെ ആദ്യം സ്നാനപ്പെടുത്തട്ടെ. രണ്ടാമത് ഞങ്ങളുടെ കൈയ്യിലും തരട്ടെ. സ്നേഹത്തിലും ഐക്യത്തിലും നമുക്ക് ഒന്നായി പോകാൻ കഴിയും. ഐ പി സി ശതാപ്തി കൺവൻഷനിൽ ആശംസാസന്ദേശം നൽകുകയായിരുന്നു അദ്ദേഹം.

# ഈശ്വര വിശ്വാസിയായ ഒലീവിയ ലെയ്ൻ

**ഹൂസ്റ്റൺ:** പ്രമുഖ ക്രിസ്ത്യൻ റേഡിയോ അവതാരകയും, ഗായികയുമായ ഒലിവിയ ലെയ്ൻ ഇനി നിരീശ്വരവാദിയല്ല, ക്രിസ്തുവിനെ രക്ഷകനായി സ്വീകരിച്ച ഈശ്വര വിശ്വാസിയാണ്. വർഷങ്ങൾക്ക് മുമ്പ് നാഷില്ലെയിലെ ഗായികയായിരുന്ന അവർ കടുത്ത നിരീശ്വരവാദിയായിരുന്നു. 2017 ൽ ശബ്ദ സംബന്ധമായ പ്രശ്നങ്ങൾ ഉണ്ടായതിനെ തുടർന്ന് ചികത്സയ്ക്ക് വിധേയ ആകേണ്ടി വന്നു. ക്രിസ്ത്യാനികളായിരുന്ന തെറാപ്പിസ്റ്റും, വോക്കൽ കോച്ചും യേശുവിൽ കൂടെയുള്ള സൗഖ്യത്തെ കുറിച്ച് പറഞ്ഞു. അത് സ്വീകരിക്കുവാൻ അവർ തയ്യാറായില്ല. ഒരിക്കൽ ജോൺ എൽഡ്രെഡ്ജിന്റെ വോക്കിംങ് വിത്ത് ഗോഡ് എന്ന പുസ്തകം വായിച്ച് കൊണ്ടിരിക്കവേ ആദൃശ്യമായ എന്തിന്റെയോ സാനിധ്യം അനുഭവപ്പെടുകയും, ജനലിലൂടെ ആണി പഴുതുള്ള രണ്ട് കൈകൾ അകത്തേക്ക് നീട്ടി പിടിച്ചിരിക്കുന്നതും കണ്ടും. പരിഭ്രാന്തിയായ അവർ വിവരങ്ങൾ തെറാപ്പിസ്റ്റുമായ് പങ്ക് വച്ചു. അത് യേശുവിന്റെ പ്രത്യക്ഷതയായിരുന്നു തിരിച്ചറിഞ്ഞു. പിന്നീട് യേശുക്രിസ്തുവിലുള്ള വിശ്വാസത്താൽ രോഗം സൗഖ്യമായി. ഇന്ന് അവർ ക്രിസ്തുവിനെ സാക്ഷികരിക്കുന്നു.

# ശലോമോന്റെ പാത്രങ്ങൾ കണ്ടെത്തി

**യിസ്രായേൽ:** 2,800 വർഷം പഴക്കമുള്ള മൺപാത്രങ്ങൾ യിസ്രായേലിൽ നിന്ന് പുരാവസ്തുഗവേഷകർ കണ്ടെത്തി. ശലോമോൻ പണികഴിപ്പിച്ച മന്ദിരത്തിന്റെ അവശിഷ്ടങ്ങൾക്കിടയിൽ നിന്നുമാണ് പാത്രങ്ങൾ കണ്ടെടുത്തതെന്ന് ആന്റികിറ്റീസ് അതോറിറ്റി അറിയിച്ചു. 'മെനഹേം' എന്ന ഹീബ്രു പദം കൈപ്പിടിയിൽ ആലേഖനം ചെയ്ത നിലയിലായിരുന്നു പാത്രം.

ഇത് ബിസി 877 നൂറ്റാണ്ടുകളിലേതാണെന്നും അതോറിറ്റി വ്യക്തമാക്കി. ചരിത്രം ഉറങ്ങുന്ന യിസ്രായേലിന്റെ മണ്ണിൽ നിന്നും ബൈബിൾ ഒരു ചരിത്രസത്യം തന്നെയെന്ന് ആവർത്തിച്ച് തെളിയിക്കുന്ന തെളിവുകളാണ് ദിനംപ്രതി എന്ന നിലയിൽ പുറത്ത് വരുന്നത്.

# വേൾഡ് വിഷന്റെ പ്രവർത്തനങ്ങൾ പ്രതിസന്ധിയിൽ

**മുംബൈ:** രാജ്യത്തെ ഏറ്റവും വലിയ ക്രിസ്ത്യൻ സന്നദ്ധ സംഘടനകളിലൊന്നായ വേൾഡ് വിഷൻ ഇന്ത്യയെ വിദേശ ധനസഹായം സ്വീകരിക്കുന്നതിൽ നിന്ന് സർക്കാർ നിരോധിച്ചു. അതേസമയം രാജ്യത്തിനുള്ളിൽ നിന്നു തന്നെ ധനസഹായത്തിന്റെ പിന്തുണയുള്ളതുകൊണ്ട്, നിരോധനം, രാജ്യത്തിലുള്ള ഏജൻസിയുടെ പദ്ധതികളെ പ്രതികൂലമായി ബാധിക്കില്ലെന്ന് സന്നദ്ധ സംഘടനയുടെ അധികൃതർ വ്യക്തമാക്കിയിട്ടുണ്ട്.

ഏഴ് പതിറ്റാണ്ടുകളായി കുട്ടികളെ കേന്ദ്രീകരിച്ചുകൊണ്ടു ഇന്ത്യയിൽ സന്നദ്ധ സഹായം ഒരു സംഘടനയാണ് വേൾഡ് വിഷൻ. വിഷൻ ഇന്ത്യയുടെ രാജ്യവ്യാപകമായ പ്രവർത്തനങ്ങളുടെ ചെലവ് നിറവേറ്റാൻ ആഭ്യന്തര ഫണ്ട് അപര്യാപ്തമായതുകൊണ്ട്, ഫോറിൻ കോൺട്രിബ്യൂഷൻ റെഗുലേഷൻ ആക്ട് രജിസ്ട്രേഷൻ റദ്ദാക്കാനുള്ള സർക്കാർ തീരുമാനം രാജ്യത്തിലുള്ള പ്രവർത്തനത്തെ മന്ദഗതിയിലാക്കുമെന്ന് സൂചനയുണ്ട്. വേൾഡ് വിഷൻ ഇന്ത്യ, 22 സംസ്ഥാനങ്ങളിലായി, പ്രവർത്തനനിരതമാണ്. എൻജിഒയുടെ എഫ്സിആർഎ രജിസ്ട്രേഷൻ റദ്ദാക്കുന്നതിന് പിന്നിലെ കാരണങ്ങളോ മറ്റ് വിവരങ്ങളോ ആഭ്യന്തര മന്ത്രാലയം വ്യക്തമാക്കിയിട്ടില്ല. വേൾഡ് വിഷൻ ഇന്ത്യയുടെ ചെന്നൈയിലെ ആസ്ഥാനവുമായി യുസിഎ ന്യൂസ് ബന്ധപ്പെട്ടപ്പോൾ, വിശദാംശങ്ങൾ പങ്കിടുന്നതിന് മുതിർന്ന ഉദ്യോഗസ്ഥർ വിസമ്മതിച്ചു. ന്യൂഡൽഹി ആസ്ഥാനമായ സെന്റർ ഫോർ പോളിസി റിസർച്ചിന്റെ എഫ്സിആർഎ രജിസ്ട്രേഷനും ആഭ്യന്തര മന്ത്രാലയം ഈ മാസം റദ്ദാക്കിയിരുന്നു.

# ഗ്രഹാം സ്റ്റെയിൽസിനെ അനുസ്മരിച്ച് ഡോ ശശി തരൂർ

**കുമ്പനാട്:** ലോകത്ത് വിവിധ രാജ്യങ്ങൾ ജാതിയുടെയും, ഭൂമിയുടെയും, ഇസത്തിന്റെയും പേരിൽ വിഭജിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ മതത്തിന്റെ പേരിൽ വിഭജിക്കപ്പെട്ട ഏക രാഷ്ട്രം ഇന്ത്യയാണ്. ഇന്ത്യയിൽ നിന്നും പേർപിരിഞ്ഞ പാക്കിസ്ഥാനാണ് മതത്തിന്റെ പേരിൽ പുതിയ രാഷ്ട്രം രൂപികരിച്ചത്. എന്നാൽ ഇന്ത്യ നിന്നത് എല്ലാവർക്കും കൂടെ വേണ്ടിയായിരുന്നു. ഇന്നേക്ക് 25 വർഷങ്ങൾക്ക് മുമ്പ് ഓസ്ട്രേലിയൻ മിഷണറിയായിരുന്ന ഗ്രഹാം സ്റ്റെയിനിനെയും മൂന്ന് ആൺകുട്ടികളെയും മൃഗീയമായ നിലയിൽ മതത്തിന്റെ പേരിൽ കൊലപ്പെടുത്തിയത് ഞാൻ സന്ദർഭോജിതമായ് ഓർക്കുകയാണ്. ആ കൊലപാതകങ്ങൾ ഭാരത സം



സ്കൃതിക്ക് മുറിവുണ്ടാക്കിയ സംഭവമാണ്. എന്നാൽ അദ്ദേഹത്തിന്റെ ഭാര്യയ്ക്ക് അന്നത്തെ സർക്കാർ പത്മശ്രീ നൽകി ആദരിച്ചു. ഐ പി സിയുടെ ശതാപ്തി കണവൻഷനിൽ ആശംസ അറിയിച്ച് സംസാരിക്കുകയായിരുന്നു ശ്രീ ശശി തരൂർ.

# ആംബുലൻസുകൾ നൽകി

**യിസ്രായേൽ:** യിസ്രായേൽ ഹമാസ് യുദ്ധത്തിന്റെ പശ്ചാത്തലത്തിൽ, യുദ്ധമുഖത്തെ അടിയന്തര സേവനങ്ങൾക്കായി ആംബുലൻസുകൾ സൗജന്യമായി തൽകി. ലോകപ്രശസ്ഥ സുവിശേഷകനും, സമറ്റിയൻ പഴ്സിന്റെ നേതാവുമായ ഫ്രാങ്ക്ളിൻ ഗ്രഹാം ആണ് പതിനാല് ആംബുലൻസുകൾ അതികൃതർക്ക് നേരിട്ട് കൈമാറിയത്. ജെറുശലേമിലെ നാഷ്ണൽ ലൈബ്രറിയിലാണ് ആംബുലൻസുകൾ കൈമാറിയത്. വിദേശ കാര്യ മന്ത്രാലയ ഡയറക്ടർ ജനറൽ യാക്കോവ് ബ്ലിറ്റ്സ്റ്റീൻ, ജറുശലേം



മേയർ മോഷെ ലയൺ, ഡയറക്ടർ ജനറൽ എലിബിൻ എന്നിവർ ഉൾപ്പെടെ നൂറ് കണക്കാ നാളുകൾ സന്നിഹിതരായിരുന്നു.

# വടക്ക് കിഴക്കൻ സുവിശേഷകൻ റവ. എച്ച് ചുങ് താങ് തീക് അന്തരിച്ചു

**മണിപ്പൂർ:** ഇന്ത്യയിലെ വടക്കു കിഴക്കൻ സംസ്ഥാനങ്ങളിലെ വളരെ പ്രശസ്തനായിരുന്ന റവ. എച്ച്. ചുങ്താങ് തീക് (75) നിത്യതയിൽ ചേർക്കപ്പെട്ടു. പ്രമുഖ ഇവാഞ്ചലിക്കൽ ഫെലോഷിപ്പിന്റെ മുൻ സെക്രട്ടറിയും, സാമൂഹിക മേഘലകളിലും ഇടപ്പെടുന്ന വ്യക്തിത്വവുമായിരുന്നു. 1988-2015 വരെയുള്ള ഇ എ എഫ് യിലെ 27 വർഷത്തെ സേവനം, സംഘടനയ്ക്കും സഭയ്ക്കും വിശാലമായ സംഭാവനകൾ ചെയ്തിട്ടുള്ള വ്യക്തിത്വമായിരുന്നു അദ്ദേഹം എന്ന് സംഘടന അനുസ്മരിച്ചു. ചുരാചന്ദ്പൂരിനടുത്ത് "പ്രാർത്ഥനാ പർവ്വതം" എന്ന പേരിൽ ആരംഭിച്ച പ്രസ്ഥാനം വളരെ പ്രസിദ്ധമാണ്. ചൈന, മ്യാൻമർ, ബംഗ്ലാദേശ്, നേപ്പാൾ, ഭൂട്ടാൻ എന്നീ രാജ്യങ്ങളുമായ് അതിർത്തി പങ്കിടുന്ന, മണിപ്പൂരിന് പുറമേ അരുണാചൽ പ്രദേശ്, അസം, മേഘാലയ, മിസോറാം, നാഗാലാന്റ്, ത്രിപുര, സിക്കിം



എന്നീ സംസ്ഥാനങ്ങളിലും അദ്ദേഹത്തിന്റെ സ്വാധീനം വളരെ വലുതായിരുന്നു. ഇപ്പോൾ സംസ്ഥാനത്തി നടന്നുകൊണ്ടിരിക്കുന്ന വംശീയ കാലാപങ്ങൾ പരിഹരിക്കാൻ ഇടനിലക്കാരനായി പ്രവർത്തിച്ചിരുന്ന അദ്ദേഹത്തിന്റെ മരണം നോർത്ത് ഈസ്റ്റ് സംസ്ഥാനങ്ങൾക്കെല്ലാം തന്നെ വലിയ നഷ്ടമായിരിക്കുകയാണ്. ചലനാത്മകമായ പ്രബോധന ശൈലി, നർമ്മം, അസാധാരണമായ സംഘടനാ വൈദഗ്ധ്യം എടുത്ത് പറയേണ്ടതാണ്.

The Soul Winner
P. O. Box - 597232, Chicago IL, 60659, USA
Email: editor.swi@gmail.com
Phone: -91 479 2356706, +91 9981571723

For private circulation only

# കണ്ണീരോടെ നന്ദി പറഞ്ഞ് ജോൺ ഓസ്റ്റിൻ



**ഹൂസ്റ്റൺ/ ടെക്സ്സാസ്:** 100 മില്യൺ ഡോളർ വായ്പ തുക അടച്ച് തീർക്കാൻ സഹായിച്ചതിന് ദൈവത്തോട് നന്ദിയറിയിച്ച് പാസ്റ്റർ ജോയൽ ഓസ്റ്റിൻ. ടെക്സ്സാസിലെ ഹൂസ്റ്റണിൽ 45000 വിശ്വാസികളുള്ള ലെയ്ക്ക് വുഡ് ചർച്ചിന്റെ പാസ്റ്ററാണ് ജോയൽ ഓസ്റ്റിൻ. മുൻ ബാസ്ക്കറ്റ് ബോൾ അരീനയായിരുന്ന കൊംപാക്ക് സെന്റർ 19 വർഷങ്ങൾക്ക് മുമ്പ് ചർച്ചിന്റെ ആവശ്യത്തിലേക്ക് വാങ്ങിയിരുന്നു. അത് പുനർനിർമ്മിച്ചാണ് ഇന്നത്തെ നിലയിൽ എത്തിച്ചത്. ഇന്ന് എല്ലാവിധ സൗകര്യങ്ങളും ഉള്ള അമേരിക്കയിലെ തന്നെ ഏറ്റവും വലിയ ചർച്ചുകളിൽ ഒന്നാണ്. 2023 ഡിസംബർ 31 – ന് നൂറ് മില്യൺ ഡോളറിന്റെ സാമ്പത്തിക ബാദ്ധ്യത തീർക്കാൻ ദൈവം സഹായിച്ചു എന്ന് അദ്ദേഹം പ്രഖ്യാപിക്കുമ്പോൾ അദ്ദേഹം വികാരാധീനനായി. 2024 ജനുവരി 14 ന് ആയിരുന്നു അദ്ദേഹം പുറം ലോകത്തോട് ഈ സത്യം വെളിപ്പെടുത്തിയത്. ബാങ്ക് ഓഫ് അമേരിക്കയിൽ നിന്നുമായിരുന്നു ലോൺ എടുത്തിരുന്നത്. 60 വർഷത്തേക്ക് ബിൽഡിങ് ലീസിനെടുക്കാനായിരുന്നു ആദ്യം ആഗ്രഹിച്ചത്.

## ബൈബിളിനെതിരെ ജോയ്സ് കരോൾ ഓട്സ്



**മിസ്സിസിപ്പി:** ബൈബിൾ കെട്ടുകഥകളുടെ പുസ്തകമെന്ന് പ്രസിദ്ധ എഴുത്തുകാരി ജോയ്സ് കരോൾ ഓട്സ്. X സോഷ്യൽ മീഡിയയിലാണ് അവർ ഈ വിവാദ പരമർശം നടത്തിയത്. അതിന്റെ കാരണമായ് അവർ ചൂണ്ടിക്കാണിക്കുന്നത് ബൈബിൾ വായനക്കാർ തങ്ങൾക്ക് ഇഷ്ടമുള്ളതിനെ മാത്രം സ്വീകരിക്കുകയും മറ്റുള്ളവയെ തിരസ്കരിക്കുകയും ചെയ്യുന്നു എന്നുള്ളതാണ്. X ൽ മാത്യു സിറ്റ് മാനിന്റെ ഒരു പോസ്റ്റിന്റെ മറുപടിയായാണ് അവർ പ്രതികരിച്ചത്. പോസ്റ്റിനെ അനുകൂലിച്ചും എതിർത്തും ധാരാളം പ്രതികരണങ്ങൾ ഉണ്ടായിട്ടുണ്ട്. റോബർട്ട് ക്ലിഫ്റ്റൺ കുറിച്ചത് ഇങ്ങനെയാണ് ബൈബിൾ വിദ്യാഭ്യാസം ഇല്ലാത്ത ഒരാളുടെ പ്രതികരണം മാത്രമാണിത്. കാരണം 49 വർഷക്കൾക്ക് മുമ്പ് ഞാനും ഒരു നിരീശ്വരവാദിയായിരുന്നു. എന്നാൽ ബൈബിളിലെ പുതിയ നിയമ വായനയ്ക്കും പഠനത്തിനും ശേഷം ഞാനും ഒരു ക്രിസ്ത്യാനിയായി തീർന്നു. ഇതുവരെയായി ബൈബിൾ ചരിത്രങ്ങളെ കുറിച്ച് 37 പുസ്തകങ്ങളും 3, 400 അധികം ലേഖനങ്ങളും എഴുതിയിട്ടുണ്ട്.

## തെരുവുപ്രസംഗകന് 7000 പൗണ്ട് പ്രതിഫലം




**ലീഡ്സ്:** തെരുവ് പ്രസംഗകരക്കാപ്പം പങ്ക് ചേർന്നതിന് ജോലിയിൽ പുറത്താക്കിയ നടപടിയിൽ 7,000 പൗണ്ട് പിഴ പ്രതിഫലം നൽകാൻ കോടതി ഉത്തരവിട്ടു. ടെംപിൾ മൂർ ഹൈസ്കൂൾ അദ്ധ്യാപകനാണ് 65 കാരനായ ആൻഡി നിക്സ്. 2021 ൽ തെരുവിൽ ഒരു സുവിശേഷ പ്രസംഗ സംഘത്തോടൊപ്പം നിക്സ് നിൽക്കുന്നത് സ്കൂൾ വിദ്യാർകൾ കാണുകയും, പ്രധാന അദ്ധ്യപകന് പരാതി നൽകുകയും ചെയ്തു. ഇതേ തുടർന്ന് 2022 ൽ അദ്ധ്യാപകനെ ജോലിയിൽ നിന്നും പുറത്താക്കി. ഇതിനെതിരെ അദ്ധ്യാപകൻ നൽകിയ കേസിലാണ്, സ്കൂൾ നടപടി റദ്ദ് ചെയ്തു, അതികൃതർ അദ്ധ്യാപകനെ തിരികെ ജോലിയിൽ എടുക്കുവാനും, 7,000 പൗണ്ട് പിഴ തുക കൊടുക്കുവാനും ഉത്തരവിട്ടത്. തങ്ങളുടെ വിശ്വാസം നിലനിർത്തിയും, അത് പ്രചരിപ്പിച്ചും തൊഴിൽ ചെയ്യാൻ കോടതി തൽകിയ അവസരമായ് ഇതിനെ കാണുന്നു എന്നും 65 കാരനായ നിക്സൺ പറ

## നേപ്പാളിൽ പാസ്റ്റർക്ക് ജയിൽ ശിക്ഷ

**നേപ്പാൾ:** സുപ്രീം കോടതി ജാമ്യം നിഷേധിച്ചതിന് തുടർന്ന് പാസ്റ്റർക്ക് ജയിൽ ശിക്ഷ. അബൻഡന്റ് ഹാർവെസ്റ്റ് ചർച്ചിന്റെ പാസ്റ്റർ കേശബിനാണ് ജയിൽ ശിക്ഷയ്ക്ക് വിധേയനാകുന്നത്. 2020 ൽ മറ്റൊരാളെ തന്റെ വീട്ടിലേക്ക് പ്രാർത്ഥനയ്ക്ക് ക്ഷണിച്ചതാണ് കേസിനാസ്പദമായ സംഭവം. അതേ തുടർന്ന് നടന്ന കോടതി വ്യവഹാരത്തിൽ 20,000 നേപ്പാൾ രൂപയും 2 വർഷത്തെ തടവിനും 2021 ൽ വിധിച്ചിരുന്നു. ഇതിനെതിരെ സുപ്രീം കോടതിയിൽ നൽകിയ കേസിലാണ് കീഴ്ക്കോടതി വിധി ശരിവച്ച് കോടതി ഉത്തരമ വായത്.

# മുട്ടം ഗീവർഗീസ് ഭാഗ്യനാട്ടിലേക്ക്



**ആലപ്പുഴ:** പ്രശസ്ത സുവിശേഷകനും, ഗാനരചയിതാവുമായിരുന്ന മുട്ടം ഗീവർസ് നൂറാമത്തെ വയസ്സിൽ ഫെബ്രുവരി 8 ന് കത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു.

മലയാളീ ക്രൈസ്തവർ എക്കാലത്തും പാടി ആശ്വസിക്കുന്ന അഴലേറും ജീവിത മരുവിൽ നീ തളരുകയോ ഇനി സഹജേ, ഭാഗ്യ നാട്ടിൽ പോകും ഞാൻ, ആശ്ചര്യമേയിതു ആരാൽ വർണിച്ചിടാം, അല്പകാലം മാത്രം ഈ ഭുവിലെ വാസം, ലോകം നിന്നിലുള്ള വെള്ളി പൊന്നിവ എടുത്തിടും, സ്തോത്ര ഗീതം പാടുക നീ മനമേ, പ്രത്യാശയോടിതാ ഭക്തരങ്ങുണരുനേ, എന്നുള്ളമേ നീ സ്തുതിക്ക നീ യഹോവയെ നിരന്തരം, ഉണർവരുൾകയിന്നേരം, നല്ല പോരാട്ടം പോരാടി ഓട്ടം ഓടിടാം, സൗന്ദര്യത്തിൽ പൂർണ്ണതയാകുന്ന സീയോനിൽ, വീണ്ടെടുക്കപ്പെട്ട കൂട്ടമേ...തുടങ്ങിയ നൂറിൽപരം ഹൃദയ സ്പർശിയായ ഗാനങ്ങളുടെ രചയിതാവാണ് പാസ്റ്റർ ജോൺ മാത്യു (മുട്ടം ഗീവർഗീസ്).

വളരെ നീറുന്നതും കൈയ്പ്പ് നിറഞ്ഞതുമായ അനുഭവങ്ങൾ ഉള്ള ഒരു വ്യക്തിയായിരുന്നു. ദൈവവേലയ്ക്ക് ഇറങ്ങിയപ്പോൾ സ്വത്ത് മുഴുവനും സുവിശേഷ വേലയ്ക്ക് സമർപ്പിച്ച ഒരു വ്യക്തിയും ആയിരുന്നു.

## കെനിയൻ നിരീശ്വരവാദി യേശു വിശ്വാസിയായി

**നെയ്റോബി:** കിഴക്കേ ആഫ്രിക്കൻ രാജ്യമായ കെനിയയിലെ നിരീശ്വരവാദി സംഘടനയായ 'എത്തിസ്റ്റ്സ് ഇൻ കെനിയ' യുടെ (എ.ഐ.കെ) സെക്രട്ടറി സേത്ത് മഹിംഗ തന്റെ സ്ഥാനം രാജിവെച്ച് ക്രൈസ്തവ വിശ്വാസം സ്വീകരിച്ചു. യേശുവിനെ കണ്ടെത്തിയതാണ് നിരീശ്വരവാദം ഉപേക്ഷിച്ച് തന്റെ ശേഷിക്കുന്ന ജീവിതം യേശുവിനായി സമർപ്പിക്കുന്നതിന്റെ കാരണമായി അദ്ദേഹം ചൂണ്ടിക്കാട്ടിയത്. പാസ്റ്ററിന്റേയും, നിരവധി വിശ്വാസികളുടേയും സാന്നിധ്യത്തിൽ ദേവാലയത്തിനുള്ളിൽവെച്ചായിരുന്നു പ്രഖ്യാപനം.

മഹിംഗയുടെ പ്രഖ്യാപനത്തിന് ഒടുവിൽ 'ആമേൻ' പറഞ്ഞുകൊണ്ട് നമുക്ക് ദൈവത്തോടു സ്തുതി പറയാം, ഹല്ലേലൂയ എന്ന് ഒരു പാസ്റ്റർ പറയുന്നതും വിശ്വാസികൾ കരഘോഷത്തോടെ സ്വീകരിക്കുന്നതും വീഡിയോയിൽ കാണാം. മഹിംഗ തങ്ങളുടെ സൊസൈറ്റിയിൽ നിന്നും രാജിവെച്ച് ക്രൈസ്തവ വിശ്വാസം സ്വീകരിച്ച വാർത്ത സ്ഥിരീകരിച്ചുകൊണ്ട് എത്തിസ്റ്റ്സ് ഇൻ കെനിയ പ്രസ്താവന പുറത്തുവിട്ടിട്ടുണ്ട്. മഹിംഗ യേശുവിനെ കണ്ടെത്തിയെന്നും, ഇനിമുതൽ കെനിയയിൽ നിരീശ്വരവാദം പ്രചരിപ്പിക്കുവാൻ ആഗ്രഹിക്കാത്തതിനാലാണ് രാജിയെന്നുമാണ് പ്രസ്താവന. കെനിയയിൽ രജിസ്റ്റർ ചെയ്ത ആദ്യത്തെ മതനിരപേക്ഷ സൊസൈറ്റി എന്നാണ് 2016-ൽ സ്ഥാപിക്കപ്പെട്ട എത്തിസ്റ്റ്സ് ഇൻ കെനിയയുടെ വെബ്സൈറ്റിൽ പറയുന്നത്.

## ആമസോണിൽ ബൈബിൾ അതിഷ്ഠിത പുതിയ സീരിയൽ




**വാഷിംഗ്ടൺ:** മൂല്യാധിഷ്ഠിതവും, വിശ്വാസാതിഷ്ഠിതവുമായ പുതിയ ക്രിസ്തീയ മൂവിക്കായ് ദി വണ്ടർ പ്രോജക്റ്റുമായ് കരാറിൽ ഏർപ്പെട്ടതായ് ആമസോൺ അറിയിച്ചു. ഹൗസ് ഓഫ് ഡേവിഡ് എന്ന ബൈബിൾ പരമ്പരയാണ് സംപ്രേക്ഷണം ചെയ്യുക എന്ന് സംവിധായകൻ ജോൺ എർവിൻ അറിയിച്ചു. ധാരാളം സീരിയലുകളും സിനിമകളും കാണുന്ന പ്രേക്ഷകർക്ക് എന്താണ് വിശ്വസിക്കേണ്ടതെന്ന് തിരഞ്ഞെടുക്കുവാൻ കഴിയുന്നില്ല. എന്നാൽ പ്രേക്ഷകർക്ക് വിശ്വസിക്കേണ്ടതിന് ഉതകുന്ന സീരിയലാണ് ഞങ്ങൾ റ്റെലികാസ്റ്റ് ചെയ്യുന്നതെന്നും അദ്ദേഹം കൂട്ടി ചേർത്തു.

## ആലയത്തിന് മുകളിൽ കൊടിക്കെട്ടി

**ന്യൂഡൽഹി:** മദ്ധ്യപ്രദേശിലെ ജാബുവ ജില്ലയിലെ ക്രൈസ്തവ ആരാധനാലയത്തിന് മുകളിൽ കയറി കുരിശിനു മുന്നിലായി ഒരു സംഘം യുവാക്കൾ കാവിക്കൊടി ഉയർത്തുന്നതിന്റെ വീഡിയോയും ചിത്രങ്ങളും സമൂഹമാധ്യമങ്ങളിലൂടെയാണ് പുറത്തുവന്നത്. 21 ഞായറാഴ്ച്ച മധ്യപ്രദേശിൽ പ്രൊട്ടസ്റ്റന്റ് ശാലോം ചർച്ചിന്റെ മൂന്ന് പള്ളികളിലും ചർച്ച് ഓഫ് നോർത്ത് ഇന്ത്യയുടെ കീഴിലുള്ള ഒരു പള്ളിയിലും ഒരു സംഘം ആളുകൾ കാവിക്കൊടി സ്ഥാപിച്ചത്.

ജയ് ശ്രീറാം വിളികളോടെയായിരുന്നു കൊടിനാട്ടൽ. അയോധ്യയിൽ രാമക്ഷേത്ര ഉദ്ഘാടനത്തിന്റെ ആഘോഷങ്ങളുടെ ഭാഗമായാണ് കാവി പതാക സ്ഥാപിക്കുന്നതെന്നു ഹിന്ദുത്വവാദികൾ പറയുന്ന ദൃശ്യങ്ങളും പുറത്തുവന്നിരുന്നു. ഞായറാഴ്ച വൈകുന്നേരം പോലീസ് സംഘം സംഭവസ്ഥലം സന്ദർശിച്ച് അന്വേഷണം നടത്തിയെങ്കിലും ഫലമുണ്ടാകില്ലായെന്നാണ് പ്രദേശവാസികൾ പറയുന്നത്.

സംഭവത്തെക്കുറിച്ചു പോലീസിനെ അറിയിച്ചെങ്കിലും കേസ് രജിസ്റ്റർ ചെയ്യാൻ വിസമ്മതിച്ചുവെന്ന് പാസ്റ്റർ നർബു അമലിയാർ വെളിപ്പെടുത്തി. എല്ലാ ഞായറാഴ്ച്ചകളിലും പ്രാർത്ഥന നടത്തുന്ന ആരാധന നടത്തുന്ന പള്ളിയിലാണ് കാവിക്കൊടി കെട്ടിയതെന്ന് പാസ്റ്റർ പറഞ്ഞു.